നം. സി.ഇ.ഇ/4383/2014/KEAM 2015/റ്റി.എ.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# KEAM-2015 : താൽകാലിക കാറ്റഗറി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു

2015-ലെ മെഡിക്കൽ/എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ആയുർവേദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി തയ്യാറാക്കിയ റാങ്ക്ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള, വിവിധ സാമുദായിക സംവരണം / പ്രത്യേക സംവരണം/ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ താൽകാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഓരോ കാറ്റഗറിയിലും വിദ്യാർത്ഥികളുടെ സ്ഥാനം സൂചിപ്പിക്കുന്നതാണ് ഈ ലിസ്റ്റ്. കാറ്റഗറി ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികൾ സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച സാമുദായിക / പ്രത്യേക സംവരണങ്ങളുടെയും, വിദ്യാർത്ഥികൾ സമർപ്പിച്ച വാർഷിക കുടുംബ വരുമാനത്തിന്റെയും വിവരങ്ങൾ 10.06.2015 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇത് സംബന്ധിച്ച് പരാതികൾ ഉള്ള പക്ഷം 14.06.2015 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനകം ലഭിച്ച പരാതികൾ പരിശോധിച്ച ശേഷമാണ് പ്രസ്തുത കാറ്റഗറി ലിസ്റ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. കാറ്റഗറി ലിസ്റ്റുകൾ സംബന്ധമായി പരാതികൾ എന്തെങ്കിലും ഉള്ള പക്ഷം അവ **'പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5-ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം'** എന്ന വിലാസത്തിൽ **22.06.2015 വൈകുന്നേരം 5 മണിക്കു** മുൻപായി എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

സാമുദായിക പ്രത്യേക/ ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണ വിഭാഗങ്ങൾ ഉൾപ്പെടെ വിവിധ കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളത് സംബന്ധിച്ച കാര്യങ്ങൾ വിദ്യാർത്ഥികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും പ്രവേശന സമയത്ത് 2015-ലെ പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ക്ലോസ്സ് 6.2 പ്രകാരമുള്ള യോഗ്യതകൾ ഇല്ലാത്ത പക്ഷം ഒരു വിദ്യാർത്ഥിക്ക് മേൽപറഞ്ഞ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
18.06.2015